ശ്രീ. സി കേശവൻ: ഈ ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരം നിയമിച്ചിട്ടുള്ളതാണ്.

ശ്രീ. എ. താണുപിള്ള: രണ്ടുവർഷം നീട്ടിക്കൊടുത്തത് ഇൻഡ്യാ ഗവമ്മെണ്ടോ ഈ ഗവമ്മെണ്ടോ?

ശ്രീ. സി. കേശവൻ: ഇവിടത്തെ ഗവമ്മെണ്ടു് ആവശ്യപ്പെട്ടു. ഇൻഡ്യാ ഗവമ്മെണ്ടു് അനുവദിച്ചു.

ശ്രീ. സി. സി. പ്രസാദു്: അവധിക്കപേക്ഷിക്കുവാൻ ചീഫ് സെക്രട്ടറിയോടു് മന്ത്രിമാരിലാരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ലീവിനു് അപേക്ഷിക്കുന്നതു് അവരവരുടെ ഇഷ്ടപ്രകാരമാണ്.

Sri. D. Gnanasigamoni: May I know who takes the initiative in these appointments; is it the Government of India or this Government?

Sri. C. Kesavan: The Government of Travancore-Cochin.

നിരാഹാരസത്യഗ്രഹം

*൪൪൨. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൦ ജനുവരി ൧-ാംതു-ക്കുശേഷം തിരുവിതാംകൂർ കൊച്ചി ജയിലുകളിൽ തടവുകാർ നിരാഹാരസത്യഗ്രഹം തുടങ്ങിയിട്ടുണ്ടോ;

(ബി) എത്ര പ്രാവശ്യം;

(സി) ആരെല്ലാം; കാരണമെന്താണെന്നു പറയുവാൻ മയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഒരു പ്രാവശ്യവും വിയ്യൂർ സെൻട്രൽ ജയിലിൽ രണ്ടു പ്രാവശ്യവും.

(സി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശ്രീ. എൻ. ശ്രീകണ്ഠൻ നായരും വിയ്യൂർ ജയിലിൽ താഴെ പറയുന്ന ൧൪ പേരും.

൧. ശ്രീ. നാരായണൻനായർ, ൨. ആയ്ച്ചൻനമ്പൂതിരി, ൩. അബ്ദു, ൪. മത്തായി മാഞ്ഞൂരാൻ, ൫. ചാത്തുക്കുട്ടി, ൬. ദേവസ്സിക്കുട്ടി, ൭. കെ. കെ. വായ്പൂർ, ൮. ശ്രീ. കോരപ്പൻ, ൯. ശ്രീ. ആറംബുട്ട്, ൧൦. പ്രഭാകരൻ, ൧൧. രവിവമ്മ, ൧൨. ശ്രീമതി പങ്കി, ൧൩. ശ്രീമതി കാളി, ൧൪. ശ്രീമതി പിലോമിന.

ശ്രീ. സി. വി. ഇമ്മു: ജയിലിൽ സമുദായപ്രാതിനിദ്ധ്യം ശരിയായി അന്വേഷിക്കണമെന്നു നിയമമുണ്ടോ? (ചിരി).

Mr. Speaker: Next question.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചോദ്യം ൧൨-ൽ (സി) യുടെ ആൻസർ പൂർത്തിയായിട്ടില്ല. അതിന്റെ കാരണം എന്താണെന്നു പറഞ്ഞാൽ കൊള്ളാം?

Mr. Speaker: But we are now at question No. 9.

കാളവ

*൪൪൩. (൩) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) കുട്ടനാട്ടിൽ കോളറാബാധിതപ്രദേശമായി ഏതെങ്കിലും സ്ഥലം ഗവണ്മെണ്ടു് പ്രഖ്യാപനം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ ;

(സി) കുട്ടനാട്ടിൽ കോളറാമൂലം എത്ര മരണം ഉണ്ടായി എന്നും എത്രപേർക്കു് ആകെ കോളറാ ബാധിച്ചു എന്നും പറയുമോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ടു്.

(ബി) അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം എന്നീ താലൂക്കുകൾ.

(സി) വ്യത്യ പേർക്കു കോളറാ ബാധിക്കുകയും ഇത്ര പേർ മരിക്കുകയും ചെയ്തിട്ടുണ്ടു്.

കോളറാ

*൪൪൪. (ഫ ഠ) ശ്രീമതി ദേവകീഗോപിദാസു് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കുട്ടനാട്ടിൽ കോളറാ എവിടെനിന്നു കൊണ്ടുവന്നതാണെന്നോ എവിടെനിന്നു പകർന്നതാണെന്നോ ഗവണ്മെണ്ടു് അന്വേഷണം നടത്തിയിട്ടുണ്ടോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കുട്ടനാട്ടിൽ കോളറാ ആദ്യമായി വന്നതു് ന— ഫ ഠ— ൽ ചമ്പക്കുളം കരയിലാണു്. അതിന്റെ ആരംഭത്തെപ്പറ്റി പ്രത്യേകമായ ചരിത്രമൊന്നുമില്ല.

ശ്രീമതി ദേവകീഗോപിദാസു് : അതു എങ്ങിനെയാണു് ബാധിച്ചതു് എന്നു ഗവണ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു പകർച്ചവ്യാധിയായി വ്യാപിച്ചതായിരിക്കാം.

ശ്രീ. വി. ഗംഗാധരൻനായർ : ഈ സ്റ്റേറ്റിൽ എവിടെയെങ്കിലും ഹെൽത്തു് സർവ്വെ നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കോളറാ എവിടെനിന്നെങ്കിലും കൊണ്ടു വരാവുന്നതാണോ ?

ശ്രീ. എ. ജെ. ജോൺ : കോളറാ ബാധിച്ച പ്രദേശങ്ങളിൽനിന്നു വല്ല ആഹാരമോ മറ്റോ കഴിച്ചാൽ കോളറാ ബാധിക്കാൻ ഇടയുണ്ടു്. ആ അർത്ഥത്തിലാണെങ്കിൽ കൊണ്ടുവന്നതായി കണക്കാക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള : അവിടെ കോളറാ ബാധിച്ചതു് പട്ടിണിയുടെ ആധിക്യംകൊണ്ടാണെന്നു റിപ്പോർട്ടു് ചെയ്തിട്ടുള്ളതു ശരിയാണോ ?

Mr. Speaker : Who reported it ?

Sri. A. K. Patchu Pillai : It was a paper report.

Mr. Speaker : Paper reports cannot be brought in here to have their truth or otherwise verified.

കോളറാ

*൪൪൫. (ഫ ഫ) ശ്രീമതി ദേവകീഗോപിദാസു് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പട്ടിണികൊണ്ടും അനർഹവും അനിഷ്ടവുമായ ആഹാരംകൊണ്ടും കോളറാ ഉണ്ടാകുമോ എന്നു ഗവണ്മെണ്ടു് വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly